**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ഖണ്ഡിക 3.14 പ്രകാരം തടസ്സപ്പെടുത്തിയ 2,94,975/- (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി തൊള്ളായിരത്തി എഴുപത്തിയഞ്ച് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 1605/19/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 27/07/2019**

---

**പരാമർശം:-** 1) പഞ്ചായത്ത് ഡയറക്ടറുടെ 02/06/2018-ലെ എം3- 16561/15 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 28/07/2015 ലെ എൽ എഫ് 8301/പി റ്റി 1/2015 നമ്പർ കത്ത്.

3) കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷന്റെ 14/03/2018 ലെ നിവേദനം.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ഖണ്ഡിക 3.14 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രോജക്ട് , സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച നടപ്പിലാക്കാത്തതിനാൽ ഇതിനായി ചെലവഴിച്ച 2,94,975/- രൂപ തടസ്സപ്പെടുത്തിയിരുന്നു. പാലിയേറ്റീവ് പരിചരണ പ്രോജക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02/11/2009 ലെ 66373/ഡി.എ./09 നമ്പർ സർക്കുലറിലെ മാനദണ്ഡങ്ങളിൽ നിന്ന് വ്യതിചലിച്ചാണ് പദ്ധതി നടപ്പിലാക്കിയത് എന്നതിനാലാണ് ഇതിനായി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തിയത്. ആയതിന് സർക്കാർ സാധൂകരണം നൽകുന്നതിനായി സൂചന (1), (3) എന്നിവ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ഖണ്ഡിക 3.14 ന് സാധൂകരണം നല്കുന്നതിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം ഓഡിറ്റ് ഡയറക്ടർ അറിയിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. 2011-12 വർഷത്തിൽ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പാലിയേറ്റിവ് പരിചരണം എന്ന പദ്ധതിയുടെ പ്രയോജനം ലഭിച്ചത് പ്രദേശത്തെ ഏറ്റവും അർഹതയുള്ള വിഭാഗക്കാർക്കും

ആരും ആശ്രയമില്ലാതെ ധർമ്മസ്ഥാപനങ്ങളിൽ കഴിയുന്ന അന്തേവാസികൾ ക്കുമാണെന്നും, ഈ പദ്ധതി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിരുന്നില്ലെങ്കിൽ ടി വിഭാഗക്കാർക്ക് മറ്റാരും ആശ്രയമില്ലാത്ത അവസ്ഥ സംജാതമാകുമായിരുന്നെന്നും, പദ്ധതി നടപ്പിലാക്കിയതുമൂലം പഞ്ചായത്തിന് ധനനഷ്ടമുണ്ടായിട്ടില്ലെന്നും അർഹരായ അനാഥരും അശരണരുമായ രോഗികൾക്കു മാത്രമാണ് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുള്ളതെന്നും സർക്കാരിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ശുപാർശ, പഞ്ചായത്ത് ഡയറക്ടറുടെ കത്ത്, പഞ്ചായത്ത് കമ്മറ്റിയുടെ 04/09/2014 ലെ VII-ാം നമ്പർ തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ 12/03/2015 ലെ തീരുമാനം എന്നിവ പരിഗണിച്ച്, കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ഖണ്ഡിക 3.14 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രോജക്ടിന് ചെലവഴിച്ച 2,94,975/- രൂപയ്ക്ക് (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി തൊള്ളായിരത്തി എഴുപത്തിയഞ്ച് രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ജെയ്സി പോൾ**

**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം

സെക്രട്ടറി, കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്, കോട്ടയം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**